# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 335

04/02/2013 - ൽ മറുപടിയ്ക്ക്

**ശ്രീ. എം. എ ബഷീറിന്റെ സർവ്വീസ് കാര്യം**

| ചോദ്യം<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) പോലീസ് വകുപ്പിൽ നിന്നും സെക്രട്ടേറിയറ്റിൽ, ചീഫ് സെക്യൂരിറ്റി ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീ. എം. എ ബഷീർ, എന്നാണ് സർവീസിൽ നിന്നും പിരിഞ്ഞതെന്ന് വ്യക്തമാക്കുമോ; | (എ) | 31/03/2006 ൽ വിരമിച്ചു |
| (ബി) ശ്രീ. ബഷീർ ഫാമിലി ബെനിഫിറ്റ് സ്കീമിൽ അംഗമായിരുന്നുവോ; എങ്കിൽ, ഈ പദ്ധതി പ്രകാരം റിട്ടയർ ചെയ്യുമ്പോൾ ലഭിക്കേണ്ട തുക ബഷീറിനോ കുടുംബത്തിനോ നൽ കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അതിനുള്ള കാരണമെന്താണ്; | (ബി) | അംഗമായിരുന്നു. കുടുംബത്തിനു നൽകേണ്ട തുക ഇതുവരെ നൽകാൻ സാധിച്ചിട്ടില്ല. വിവിധ യൂണിറ്റുകളിൽ പ്രവൃത്തിയെടുത്ത കാലയളവിൽ പ്രസ്തുത പദ്ധതിയിൽ ഒടുക്കിയിരുന്ന മാസവരി സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാകാനുള്ള കാലതാമസം മൂലമാണ് തുക നൽകുന്നതിന് താമസം നേരിടുന്നത്. |
| (സി) ഫണ്ടിലെ തുക ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, എന്നാണ് അപേക്ഷ ലഭിച്ചതെന്നും, അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വെളിപ്പെടുത്തുമോ; | (സി) | ഭാര്യ ശ്രീമതി. റസിയാ ബീഗം 28/09/2010 ൽ അപേക്ഷ നൽകുകയുണ്ടായി. മാസവരി സംഖ്യ അടച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ചില ഓഫീസുകളിൽ നിന്നും ലഭിക്കാത്തതിനാൽ ശ്രീമതി. റസിയാബീഗം തന്ന മാസവരി സംഖ്യയുടെ ഡിഡക്ഷൻ സ്റ്റേറ്റ്മെന്റും മറ്റ് വിശദാംശങ്ങളും 30/11/2012-ൽ പോലീസ് ആസ്ഥാനത്തു നിന്നും ധനകാര്യവകുപ്പിന് നൽകുകയുണ്ടായി. |
| (ഡി) ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള 6.8.2011-ലെ 57334/എഫ്ബിഎസ്എ2/2008 ധന. നമ്പർ കത്ത് പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ? | (ഡി) | സർക്കാർ അനുവദിച്ച 6466 രൂപ പരേതന്റെ ഭാര്യയായ ശ്രീമതി. റസിയാ ബീഗം 08/04/2013 ന് കൈപ്പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ